## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4850 — 27.06.2014 ൽ മറുപടിയ്ക്ക്

### ഇൻഫർമേഷൻ കേരള മിഷൻ ഘടന

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | | **ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| എ) ഇൻഫർമേഷൻ കേരള മിഷൻ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | 22.12.2012-ലെ സ.ഉ. (കൈ) നം. 343/ 2012/ തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും 20.01.2014– ലെ സ.ഉ. (കൈ) നം.15/2014/തസ്വഭവ പ്രകാരം ആയതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലോ എന്നിവ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഐ.കെ.എം. ഭരണ സമിതിയിൽ എത്ര അംഗങ്ങളുണ്ടെന്നും അത് ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | ബി) | ഇൻഫർമേഷൻ കേരള മിഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് ഭരണ സമിതിയിൽ പത്തൊൻപത് അംഗങ്ങളാണുള്ളത്. ഭരണസമിതിയുടെ ഘടന അനുബന്ധം I ആയി ചേർക്കുന്നു. |

സി) ഐ.കെ.എമ്മിൽ എത്ര ജീവനക്കാരുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവർ വഹിക്കുന്ന സ്ഥാനം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

സി) 03.11.2008 – ലെ സ.ഉ.(സാധാ) നം.3865/2008/തസ്വഭവ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ആകെ ജീവനക്കാരുടെ അംഗീകൃത എണ്ണം 440 ആണ്. ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ 392 ജീവനക്കാരുണ്ട്. ജീവനക്കാരുടെ പേരും അവർ വഹിക്കുന്ന സ്ഥാനങ്ങളുടെ വിവരവും അടങ്ങിയ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.

ഡി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദാംശം ലഭ്യമാക്കുമോ;

ഇ) ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ഡി) & (ഇ) സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തിക്കൊണ്ടുള്ള വ്യക്തമായ ചട്ടങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽ നിലവിലില്ല. ഡെപ്യൂട്ടേഷനിൽ ഉള്ളവരുടെ ശമ്പളം ഒഴിച്ച് സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ കൺസോളിഡേറ്റഡ് ശമ്പളമായ 13,500/- രൂപയും സാങ്കേതികേതര വിഭാഗം ജീവനക്കാർക്ക് 10,500/- രൂപയുമാണ് നിലവിൽ നൽകി വരുന്നത്. ആർജ്ജിതാവധി സറണ്ടർ ചെയ്യാനുള്ള അവകാശമൊഴികെ സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന മറ്റ് ലീവ് ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നു. ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്, വേതനഘടന എന്നിവ നിർണ്ണയിക്കുന്നതിനായി 04.12.2013- ലെ സ.ഉ.(സാധാ) നം. 2971/2013/തസ്വഭവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ